بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ഈദ് ഖുത്വ്ബ**

**സംഗ്രഹം**

**31-03-2025**

# റമദാനിൽ സ്വായത്തമാക്കിയ നന്മകൾ നിലനിർത്തുക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

തശഹ്ഹുദ് തഅവ്വുദ് സൂറ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..) പറഞ്ഞു:

ഇന്നലെ റമദാൻ മാസം പൂർത്തിയായതിനാൽ ഇന്നു നാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈദ് ആഘോഷിക്കുകയാണ്. റമദാൻ മാസത്തിൽ നാം നന്മകൾ അനുഷ്ഠിച്ചതിന്റെയും അവയെ നവീകരിച്ച് അനുഷ്ഠിക്കുമെന്ന് നാം പ്രതിജ്ഞ ചെയ്തതിന്റെയും സന്തോഷപ്രകടനം എന്ന നിലയ്ക്കാണ് നാം ഈ സുദിനം കൊണ്ടാടുന്നത്. അതുകൊണ്ടുതന്നെ ഈ ഈദ് കേവലം സന്തോഷപ്രകടനത്തിന്റെ ദിനമല്ല; ഈ നന്മകളെല്ലാം തുടർന്നു പോരുന്നതാണെന്ന പ്രതിജ്ഞയുടെ ദിനം കൂടിയാണ്. എങ്കിൽ മാത്രമേ നമ്മുടെ ഈദ് യഥാർഥ ഈദായിത്തീരുകയുള്ളൂ. തഖ്‌വ എന്നത് കേവലം തിന്മകളിൽനിന്ന് വിട്ടുനിൽക്കുകയല്ല; നന്മകളിൽ നിലയുറപ്പിച്ചുകൊണ്ട് പ്രസ്തുത നന്മകൾ നിലനിർത്തിപോരുന്നതാണ് യഥാർഥ തഖ്‌വ. അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിൽ എന്നും ദൃഢമായി നില കൊള്ളുമെന്ന പ്രതിജ്ഞ നാം ഇന്ന് പുതുക്കുകയാണ്. കേവലം തിന്നും കുടിച്ചുംകളിതമാശകളിൽ ഏർപ്പെടുകയോ പുതുവസ്ത്രങ്ങൾ അണിയുകയോ ചെയ്യുന്നതിന്റെ പേരല്ല, ഈദ്. മറിച്ച്, നാം ഇനിമുതൽ നന്മകൾനിലനിർത്തി പോരുകയും തിന്മകൾ വർജ്ജിക്കുകയും ചെയ്യണമെന്ന ചിന്താർഹമായ ഒരു സന്ദേശമാണ് ഈദ് നമുക്ക് നല്കുന്നത്. ഈദ് ആഘോഷിച്ചതിനു ശേഷം നമ്മിൽ ചിലർ റമദാനു മുൻപുള്ള അവസ്ഥയിലേക്ക് തിരിച്ചു പോവുകയോ നമ്മുടെ ചുവടുകൾ ആധ്യാത്മികപുരോഗതിയിലേക്ക് മുന്നേറാതിരിക്കുകയോ ചെയ്യുന്നത് ഒരു വിശ്വാസിക്ക് ഭൂഷണമല്ല. നന്മകളിൽ നിരന്തരം മുന്നേറിക്കൊണ്ടിരിക്കുക എന്നത്വിശ്വാസിയുടെ മഹദ്ഗുണങ്ങളിൽപ്പെട്ട ഒന്നാണ്.

ഈ പ്രതിജ്ഞ പ്രാവർത്തികമാക്കാൻ നാം ഒരുക്കങ്ങൾ നടത്തുന്നുണ്ടോ എന്ന് ഇന്ന് നാം ആത്മപരിശോധന നടത്തേണ്ടതുണ്ട്. നാം വാസ്തവത്തിൽ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനങ്ങൾ പാലിക്കാൻ ശ്രമിക്കുന്നതിൽ വ്യാപൃതരാണോ? ഒരു മാസത്തെ വ്രതാനുഷ്ഠാനം കൊണ്ട് ദൈവപ്രാപ്തി കരഗതമായ ദൃശ്യം ഈദുൽ ഫിത്വർ കാണിക്കുകയാണ് വേണ്ടത്. ദൈവത്തെ ലഭിച്ചുവെങ്കിൽ നന്മകളിൽ പുരോഗതി ദൃശ്യമാകേണ്ടതാണ്.

ഈദ് കേവലം സന്തോഷം പ്രകടിപ്പിക്കാനുള്ള ദിവസമല്ല; ആരാധനകളിലേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ദിവസമാണ്. അന്നേ ദിവസം മറ്റു ദിനങ്ങളെ അപേക്ഷിച്ച് അധികം നമസ്കാരങ്ങൾ നമുക്ക് നിർബന്ധമായിത്തീരുന്നു. ആകയാൽ ആരാധനയ്ക്കായുള്ള പ്രത്യേക ദിനമാണിതെന്ന കാര്യം നാം ഓർത്തിരിക്കണം. നമുക്ക് ദൈവത്തെ ലഭിക്കാതിരിക്കുകയും

അവനെ ആരാധിക്കുന്നതിന്റെ കടമ നിറവേറ്റാൻ കഴിയാതെ സമസൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കാൻ സാധിക്കാതെ വരുകയും ദൈവപ്രാപ്തിക്കായി നാം വേണ്ടവിധം പ്രവർത്തിക്കാതിരിക്കുകയും ആണ് ചെയ്തതെങ്കിൽ കേവലം സന്തോഷം പ്രകടിപ്പിക്കുകയല്ലല്ലോ ഈദിന്റെ ലക്ഷ്യം. സമസൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കേണ്ടതും ഒരുരത്തിലുള്ള ആരാധനയാണ്. ദൈവത്തെ പ്രാപിക്കാൻ കഴിയാത്ത വ്യക്തിയെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഉപമിച്ചിരിക്കുന്നത് പവിഴമുത്തുകളെയും മാണിക്യക്കല്ലുകളെയും തിരിച്ചറിയാതെ പളുങ്കുകഷ്ണങ്ങളെ മാണിക്യമായി കരുതുന്ന ഒരു ഭ്രാന്തനോടാണ്. മനുഷ്യന് ദൈവവുമായി സവിശേഷ ബന്ധം സംജാതമാകുമ്പോഴേ അവൻ ദൈവത്തെ തിരിച്ചറിയുകയുള്ളൂ. അല്ലാഹു ആരെ ഇഷ്ടപ്പെടുന്നുവോ അവന് തന്നെ സംബന്ധിച്ച ഗ്രാഹ്യവും ദിവ്യജ്ഞാനവും പ്രദാനചെയ്യപ്പെടുന്നു.ദൈവത്തെ പ്രാപിക്കുക എന്നതുതന്നെയാണ് ഒരു യഥാർഥ വിശ്വാസിയുടെ സന്തോഷം. നഷ്ടപ്പെട്ടുപോയ തന്റെ കുഞ്ഞിനെ കണ്ടെത്തുമ്പോൾ ഒരു മാതാവ് എത്രമാത്രം സന്തോഷിക്കുന്നുവോ അതിനെക്കാളധികം തന്നിലേക്ക് തൗബ ചെയ്ത് മടങ്ങുന്ന ദാസനെച്ചൊല്ലി ദൈവം സന്തോഷിക്കുന്നുവെന്ന് നബിതിരുമേനി(സ) അരുളിയിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: ഈദ് ദിവസം അനുഗൃഹീതം തന്നെയാണ്. എന്നാൽ ഇതിനെക്കാൾ അനുഗൃഹീതമായ ദിനമുണ്ട്. മനുഷ്യൻ തൗബ ചെയ്യുന്ന ദിവസമാണത്. ജുമുഅ ദിവസത്തെക്കാളും ഈദ് ദിവസത്തെക്കാളും സന്തോഷപ്രദമായ ദിനമാണത്. പറയുന്നു: യഥാർഥ തൗബ ചെയ്യാൻ യഥാർഥ പരിശുദ്ധിയും പവിത്രതയും നിബന്ധനയാണ്. എല്ലാവിധ മാലിന്യങ്ങളിൽ നിന്നും അഴുക്കിൽ നിന്നും വിട്ടു നിൽക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം, പശ്ചാത്താപ വചനങ്ങൾ വെറുതെ ഉരുവിടുന്നത് നിഷ്പ്രയോജനകരമത്രേ. മനുഷ്യൻ ദുഷ്പ്രവൃത്തികളിൽനിന്ന് തൗബ ചെയ്തുകൊണ്ട് അല്ലാഹുവുമായി സന്ധി ചെയ്യുകയും ദൈവിക കല്പനകൾ ശിരസ്സാവഹിക്കുകയും ചെയ്യുന്ന ആ അനുഗൃഹീത ദിവസമാണത്. തന്റെ ദുഷ്കർമങ്ങളുടെ ഫലമായി തനിക്കായി ഗോപ്യമായ നിലയിൽ തയ്യാറായിക്കൊണ്ടിരിക്കുന്ന ശിക്ഷയിൽനിന്ന് അന്നേ ദിവസം അയാൾ രക്ഷപ്പെടുമെന്നത് തീർച്ചയാണ്. അങ്ങനെ മനുഷ്യന് പ്രതീക്ഷ തന്നെയില്ലായിരുന്ന സംഗതി അവൻ കരസ്ഥമാക്കുന്നതായിരിക്കും.

മോശം കാര്യങ്ങൾ ഇന്ന് ലോകത്ത് അധികരിച്ചിരിക്കുകയാണ്. എങ്കിലും ഒരു വിശ്വാസി ഈ ദിനങ്ങളിൽ അല്ലാഹുവിനു വേണ്ടി നോമ്പ് അനുഷ്ഠിക്കുകയും അവന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അതിനെ ഏറെ പ്രതിഫലം നല്കുന്നു. ഈ കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മളും നമ്മുടെ കുടുംബങ്ങളും യഥാർഥ ഈദിന്റെ യഥാർഥ ലക്ഷ്യമായ സന്തോഷങ്ങൾ കരസ്ഥമാക്കുന്നവരായി നാം മാറുകയുള്ളൂ.

റമദാനിൽ സ്വായത്തമാക്കാൻ ശ്രമിച്ച നന്മകൾ നിലനിർത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. റമദാനിൽ തറാവീഹിനോ തഹജ്ജുദിനോ വേണ്ടി വന്നിരുന്നവർ സ്വന്തം വീടുകളിൽ നഫലുകൾ അനുഷ്ഠിക്കുന്നവരാകട്ടെ. നാം സമസൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നവരാകട്ടെ. പരസ്പരമുള്ള കടമകളും നിറവേറ്റുന്നവരായി മാറട്ടെ. ഈ പരിശുദ്ധ പരിവർത്തനം അല്ലാഹു നമ്മിൽ നിലർത്തിപ്പോരുമാറാകട്ടെ.

ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. അല്ലാഹു എല്ലാഅഹ്മദികളെയും തന്റെ കാരുണ്യത്താൽ പൊതിയുമാറാകട്ടെ. നിരവധി അഹ്മദികളെ ഒരുപാട് സ്ഥലങ്ങളിൽ കാരണമൊന്നും കൂടാതെ നിയമക്കുരുക്കുകളിൽ അകപ്പെടുത്തിയിരിക്കുകയാണ്. ഉദാഹരണമായി പാകിസ്താൻ, അവിടെ മതസ്വാതന്ത്ര്യത്തോടെ ഈദ് നമസ്കാരം പോലും നിർവഹിക്കാൻ സാധ്യമല്ല. അല്ലാഹു അവർക്ക് അതിനുള്ള അവസരം പ്രദാനം ചെയ്യുമാറാകട്ടെ. അവർ യഥാർഥ നിലയിൽ ഈദ് ആഘോഷിക്കുന്നവരായിമാറട്ടെ. തങ്ങളെ അല്ലാഹുവുമായി അടുപ്പിക്കുന്നവരാകട്ടെ. ഈദിന്റെ ബാഹ്യസന്തോഷങ്ങൾ കൊണ്ടാടാനും അവർക്ക് സാധിക്കട്ടെ. അവരുടെ പ്രയാസങ്ങൾ അല്ലാഹു ഉടനെ അകറ്റുമാറാകട്ടെ. ഇന്നും വളരെ ഭയപ്പാടോടു കൂടിയാണ് അവർ ഈദ് നമസ്കാരംനിർവഹിച്ചത്. നമസ്കാരസമയവും സ്ഥലവും അവർ മാറ്റിക്കൊണ്ടിരുന്നു.

കറാച്ചിയിലും മറ്റും നമസ്കരിക്കുന്നതുപോലും തടയുകയുണ്ടായി. എതിരാളികൾ പള്ളികൾ ആക്രമിച്ചു. നിയമപാലകരുടെ അവസ്ഥയാണെങ്കിലോ, അക്രമികളെ തടയുന്നതിനു പകരം അവർ നമ്മുടെ പള്ളികൾ പൂട്ടിക്കുകയാണ് ചെയ്തത്. ഈ എതിരാളികളെ എത്രയും വേഗം പിടികൂടാനുള്ള സാഹചര്യം അല്ലാഹു ഒരുക്കുമാറാകട്ടെ. ആമീൻ.

രോഗികൾക്കായും ദുആ ചെയ്യുക. അല്ലാഹു എല്ലാ രോഗികൾക്കും രോഗശാന്തി നല്കി അനുഗ്രഹിക്കുമാറാകട്ടെ. മാനവികതയ്ക്കും ഇസ്‌ലാമിനും അഹ്മദിയ്യത്തിനും വേണ്ടി സാമ്പത്തികമായും മറ്റെല്ലാ നിലയിലും ത്യാഗം വരിക്കുന്നവരുടെ മേലും അല്ലാഹു തന്റെ അനുഗ്രഹം ചൊരിയുമാറാകട്ടെ. ആമീൻ

ശുഹദാക്കളുടെ മക്കൾക്കും ദൈവമാർഗത്തിൽ തടവിലാക്കപ്പെട്ടവർക്കും ജീവിതം വഖ്ഫ് ചെയ്തവർക്കും വേണ്ടി ദുആ ചെയ്യുക. മുസ്‌ലിം ഉമ്മത്തിന് പൊതുവായും ദുആ ചെയ്യുക. അല്ലാഹു മുസ്‌ലീങ്ങൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. അവർക്ക് യഥാർഥ നിലയിൽ അല്ലാഹുവിനെ മുറുകെപ്പിടിക്കാൻ കഴിയട്ടെ. വാഗ്ദത്ത മസീഹിനെ വിശ്വസിച്ചു കൊണ്ട് ഇവർ ദൈവപ്രീതി കരസ്ഥമാക്കുകയും അങ്ങനെ യഥാർഥ ഈദ് ആഘോഷിക്കാൻ സാധിക്കുകയും ചെയ്യുമാറാകട്ടെ.

ഖുത്‌ബ സാനിയക്കു ശേഷം ഹുസൂർ തിരുമനസ്സ് ലോകത്തെ എല്ലാ അഹ്മദികൾക്കും ഈദ് ആശംസ നേർന്നു. തുടർന്ന് പറഞ്ഞു: പാകിസ്താനിലെ അഹ്മദികൾക്കായി നിരന്തരം ദുആയിൽ ഓർക്കാൻ ഞാൻ പറഞ്ഞിരുന്നല്ലോ. അവസ്ഥ വളരെ മോശമാണ് അവിടെ. അല്ലാഹു അവർക്കായി ഈദ് യഥാർഥ നിലയിൽ അനുഗൃഹീതമാക്കട്ടെ. അവർക്കെല്ലാവർക്കും ഈദ് ആശംസകൾ! നിസ്സഹായരായി വീട്ടിലിരിക്കുകയാണവർ. അവസ്ഥ നിരാശാജനകമായി തോന്നുമെങ്കിലും ഉത്കണ്ഠാകുലരാകരുത്. അല്ലാഹു എത്രയും വേഗം അവസ്ഥ മാറ്റുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ


**EID SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 31.03.2025

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY BM ARIF

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516